# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 7629

15/07/2014ൽ മറുപടി നൽകേണ്ടിയിരുന്നത്

### പി.എസ്.സി.യിലെ പരിഷ്കാരങ്ങൾ

**ചോദ്യം :**

ശ്രീ. റ്റി.വി.രാജേഷ്

പി.എസ്.സി. പരീക്ഷാനടപടികൾ മെച്ചപ്പെടുത്തുന്നതിനും ഉദ്യോഗാർത്ഥികൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനും എന്തൊക്കെ പരിഷ്കാരങ്ങളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്; ഉദ്യോഗാർത്ഥികൾക്ക് ഇത് എത്രത്തോളം ഗുണം ചെയ്യും. വിശദാംശം നൽകുമോ?

**ഉത്തരം :**

ശ്രീ. ഉമ്മൻചാണ്ടി
മുഖ്യമന്ത്രി

പി.എസ്.സി. പരീക്ഷാനടപടികൾ മെച്ചപ്പെടുത്തുന്നതിനും ഉദ്യോഗാർത്ഥികൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനുമായി പി.എസ്.സി. ആവിഷ്ക്കരിച്ചിരിക്കുന്ന നടപടികൾ ചുവടെ ചേർക്കുന്നു.

തെരഞ്ഞെടുപ്പ് പ്രക്രിയ വേഗത്തിലാക്കുന്നതിന്റെ ഭാഗമായി ഒബ്ജക്ടീവ്/ഒ.എം.ആർ പരീക്ഷയാണ് ഭൂരിപക്ഷം തസ്തികകൾക്കും നടത്തുന്നത്. റാങ്ക്ലിസ്റ്റ് പ്രസിദ്ധീകരിച്ച് 15 ദിവസത്തിനകം ഉദ്യോഗാർത്ഥികൾക്ക് ലഭിച്ച മാർക്ക് കമ്മീഷന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു. ഉത്തരക്കടലാസ് പുനഃപരിശോധിക്കുന്നതിനും അവയുടെ ഫോട്ടോകോപ്പി ഉദ്യോഗാർത്ഥിക്ക് ലഭിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 01.01.2012മുതൽ ഒറ്റത്തവണ ഓൺലൈൻ രജിസ്ട്രേഷൻ ഏർപ്പെടുത്തിയിട്ടുണ്ട്. ഇത്തരത്തിൽ രജിസ്ട്രേഷൻ പൂർത്തിയാക്കിയവർക്ക് അവരുടെ പ്രൊഫൈലിലൂടെ കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralapsc.gov.in.മുഖേന ജോലിക്ക് അപേക്ഷിക്കാൻ കഴിയും. ഇതിലൂടെ ഉദ്യോഗാർത്ഥി ആർജ്ജിക്കുന്ന അധികയോഗ്യതകൾ കൂട്ടിച്ചേർക്കാനും കഴിയും. മൊബൈൽ നമ്പർ നൽകിയിട്ടുള്ളവർക്ക് പരീക്ഷ സംബന്ധിച്ചുള്ള വിവരങ്ങൾ മെസ്സേജായി നൽകുന്നതാണ്. പി.എസ്.സി. പരീക്ഷകളിൽ വിഭിന്ന ശേഷിയുള്ളവർക്കും വനിതകൾക്കും അവരവരുടെ താലൂക്കുകളിൽ തന്നെ പരീക്ഷാകേന്ദ്രം അനുവദിക്കുന്നുണ്ട്. ഒ.എം.ആർ. ഉത്തരക്കടലാസുകൾ അസാധുവാകാതിരിക്കാൻ വേണ്ട മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ട്. ഓൺലൈൻ പരീക്ഷാ സംവിധാനം ആരംഭിച്ചു. ആദ്യപരീക്ഷ 07.09.2013ൽ നടന്നു. ഓൺലൈൻ പരീക്ഷ നടത്തുന്നതിനായി പി.എസ്.സി.യുടെ ആസ്ഥാന ഓഫീസിലും എറണാകുളം, പത്തനംതിട്ട ജില്ലാ ഓഫീസുകളിലും ഓൺലൈൻ പരീക്ഷാ കേന്ദ്രങ്ങളുടെ നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. ഓൺലൈൻ പരീക്ഷകൾ നടത്തിയാൽ റാങ്ക് ലിസ്റ്റുകൾ വളരെവേഗം പ്രസിദ്ധീകരിക്കാൻ കഴിയും.

സെക്ഷൻ ഓഫീസർ